©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ജൂൺ 19<br>19th June 2018<br>1193 മിഥുനം 5<br>5th Mithunam 1193<br>1940 ജ്യേഷ്ഠം 29<br>29th Jyaishta 1940 | നമ്പർ<br>No. 25 |

# PART III
# Labour Department

നോട്ടീസ്

(1)

നമ്പർ ഇ.സി.സി.-403/2014 2018 മേയ് 18.
(Old No. 18/2009).

ശ്രീ. സ്വാമിദാസൻ, കുറുങ്ങാട്ടു ഹൗസ്, മുടുർ പി. ഒ., വട്ടംകുളം, മലപ്പുറം എന്ന തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്തു വരവെ 31-1-2007-ൽ അപകടം സംഭവിച്ച് മരണമടഞ്ഞ അബ്ദുൾ റസാക്ക് എന്ന തൊഴിലാളിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ` 6,42,777 (ആറ് ലക്ഷത്തി നാൽപത്തിരണ്ടായിരത്തി എഴുന്നൂറ്റി എഴുപത്തിയേഴ് രൂപ മാത്രം) ഈ കോടതി മുമ്പാകെ കെട്ടിവച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാര ആക്ട് 1923-2 (1) (ഡി) വകുപ്പ് അനുസരിച്ച് നിർവചിച്ച പ്രകാരം ടിയാന്റെ മരണസമയത്തെ ആശ്രിതരായി ചുവടെ ചേർത്തിരിക്കുന്നവർ മാത്രമെ ഉള്ളൂവെന്ന് അസിസ്റ്റന്റ് ലേബർ ഓഫീസർ, പൊന്നാനി അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

| ക്രമ നമ്പർ | പേര് | മരണമടഞ്ഞ തൊഴിലാളിയുമായുള്ള ബന്ധം | ജനന തീയതി (വയസ്) | മേൽവിലാസം |
|---|---|---|---|---|
| 1 | ശ്രീമതി കദീജ | ഭാര്യ | 55 | മേലേപ്പാട്ട് വളപ്പിൽ, ഇരുവപ്രക്കുന്ന്, വട്ടംകുളം പി. ഒ., മലപ്പുറം-676 578 |
| 2 | ശ്രീ. റജീഷ് | മകൻ | | ,, |
| 3 | ശ്രീമതി റഷീന | മകൾ | 30 | ,, |

ഇപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടാവുന്ന മറ്റ് ആരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം എന്റെ മുൻപാകെ രേഖാമൂലം എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിശ്ചിത സമയപരിധിക്കകം യാതൊരു വിധത്തിലുള്ള അവകാശവാദങ്ങളും ലഭിച്ചില്ലെങ്കിൽ

Gaz. No. 25/2018/DTP (Labour).

കെട്ടിവച്ച നഷ്ടപരിഹാരത്തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. ആയതിനുശേഷം ലഭിക്കുന്ന അവകാശവാദങ്ങൾ ഒന്നുംതന്നെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(2)

നമ്പർ ഇ1-833/2017. 2018 മേയ് 22.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ചേലക്കര സെക്ഷന്റെ കീഴിൽ ജോലി ചെയ്തുവരവെ 8-7-2017-ന് അപകടം സംഭവിച്ച് മരണമടഞ്ഞ ശ്രീ. അബൂബക്കർ, വി. എം. S/O മുഹമദ്, മുള്ളത്ത്പാടത്ത്, വല്ലങ്ങിപ്പാറ, വെങ്ങാനല്ലൂർ പി. ഒ. എന്ന തൊഴിലാളിയുടെ ആശ്രിതയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, വടക്കാഞ്ചേരി, തൃശ്ശൂർ, ` 5,98,680 (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി അറുന്നൂറ്റി എൺപത് രൂപ മാത്രം) ഈ കോടതി മുമ്പാകെ കെട്ടിവെച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാര ആക്ട് 1923-2 (1) (ഡി) വകുപ്പനുസരിച്ച് നിർവചിച്ച പ്രകാരം ടിയാന്റെ മരണസമയത്തെ ആശ്രിതയായി ചുവടെ ചേർത്തിരിക്കുന്നവർ മാത്രമെ ഉള്ളൂവെന്ന് അസിസ്റ്റന്റ് ലേബർ ഓഫീസർ, വടക്കാഞ്ചേരി അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

| പേര് | മരണമടഞ്ഞ തൊഴിലാളിയുമായുള്ള ബന്ധം | ജനന തീയതി | മേൽവിലാസം |
|---|---|---|---|
| സൽവാത്തമ്മ | ഭാര്യ | 1977 (39 വയസ്) | W/o (L) അബൂബക്കർ, മുള്ളത്ത്പാടത്ത് H. O., വല്ലങ്ങിപ്പാറ, വെങ്ങാനല്ലൂർ പി. ഒ., തൃശ്ശൂർ-680 586 |

അപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടാവുന്ന മറ്റ് ആരെങ്കിലും ഉണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം എന്റെ മുമ്പാകെ രേഖാമൂലം എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിശ്ചിത സമയപരിധിക്കകം യാതൊരു വിധത്തിലുള്ള അവകാശവാദങ്ങളും ലഭിച്ചില്ലെങ്കിൽ കെട്ടിവച്ച നഷ്ടപരിഹാരത്തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തിക്ക് വിതരണം ചെയ്യുന്നതാണ്. ആയതിനുശേഷം ലഭിക്കുന്ന അവകാശവാദങ്ങൾ ഒന്നുംതന്നെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(ഒപ്പ്)

വ്യാവസായിക ട്രൈബ്യൂണലിന്റെ കാര്യാലയം, പാലക്കാട്.

കമ്മീഷണർ,
എംപ്ലോയീസ് കോമ്പൻസേഷൻ
(വ്യാവസായിക ട്രൈബ്യൂണൽ).